ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ആളുകൾ ആയുധങ്ങൾ ധരിക്കുന്നതിനേയും മറ്റും പറ്റി ചില ചട്ടങ്ങൾ നിലവിലുണ്ട്.

(ഡി) ഉണ്ട്.

റിസർവ്വിൽനിന്നു് തടിവെട്ടി വിൽക്കുന്നതിനെക്കുറിച്ചുള്ള പരാതി

* 733. [23] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിസർവ് ഫോറസ്റ്റിൽനിന്നു് അനധികൃതമായി ധാരാളം തടി വെട്ടി വിൽക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി അപ്രകാരം തടി വെട്ടി വിൽക്കുന്നതായി എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം അനധികൃതമായി തടി വെട്ടിയതിനു് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ എത്ര കേസുകൾ കണ്ടുപിടിച്ചിട്ടുണ്ടു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സംസ്ഥാനത്തെ റിസർവ്വ് ഫോറസ്റ്റിൽനിന്നു് അനധികൃതമായി തടി വെട്ടി വിൽക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) കിട്ടിയിട്ടുണ്ടു്. അവ അപ്പോഴപ്പോൾ അന്വേഷണം നടത്തി വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

(സി) 2575.

രണ്ടും അതിലധികവും കൊല്ലങ്ങളായി തീരുമാനിക്കപ്പെടാത്ത ഫയലുകൾ

* 734. [24] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ രണ്ടു കൊല്ലവും അതിൽക്കൂടുതലും പഴക്കമുള്ളതും തീരുമാനിക്കപ്പെടാതെയുള്ളതുമായ എത്ര ഫയലുകൾ ഇപ്പോൾ ഉണ്ടു്;

(ബി) ഓരോ ഡിപ്പാർട്ടുമെൻറിലും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 3457.

(ബി) ചീഫ് സെക്രട്ടറിയേറ്റ് ഡിപ്പാർട്ടുമെൻറ് 451
റവന്യൂ ഡിപ്പാർട്ടുമെൻറ് 1135
ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ് 525

LIBRARY ARCHIVES Kerala Legislative Assembly